# യഥാർത്ഥ ക്രിസ്തീയകൂട്ടായ്മയെ വിലമതിക്കുക

**സാക് പുന്നൻ**

WFTW Malayalam 5 February 2012

www.jeevamozhikal.org

പല മേഖലകളിലും മനുഷ്യൻ വളരെ പുരോഗമിച്ചെങ്കിലും മനുഷ്യർ തമ്മിലുള്ള ബന്ധത്തിന്റെ കാര്യത്തിൽ ലോകമെമ്പാടും ഇന്നും പല പ്രശ്നങ്ങൾ നിലനിൽക്കുന്നു. വ്യാപാരസ്ഥാപനങ്ങളും സംഘടനകളും അവരുടെ ജീവനക്കാരുടെ ഇടയിൽ ഐക്യം ഉണ്ടാകുവാൻ ധാരാളം പണം ചെലവഴിക്കുന്നുണ്ട്. മാനസാന്തരപ്പെടാത്തവരും സ്വയത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നവരുമായ മനുഷ്യർക്കു പരസ്പരം ഒത്തുചേർന്നുപോകുക എന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. എന്നാൽ മനുഷ്യൻ വീണ്ടും ജനിച്ച്, ക്രിസ്തു ജീവിതത്തിന്റെ കേന്ദ്രമായി, ഒരു പുതുസൃഷ്ടിയായിത്തീർന്നാൽ തീർച്ചയായും അത്തരം പ്രശ്നങ്ങൾ ഒന്നും ഉണ്ടാകാൻ പാടില്ല. ദൈവം തന്നെ ഒരുവന്റെ ജീവിതത്തിന്റെ കേന്ദ്രമായിക്കഴിഞ്ഞാൽ മറ്റുള്ളവരെ ബുദ്ധിമുട്ടിക്കുന്ന ഒരു ചെറിയ പ്രശ്നംപോലും ഉണ്ടാകുവാൻ സാദ്ധ്യതയില്ല.

ദുഃഖകരമെന്നു പറയട്ടെ, ലോകം മുഴുവൻ ക്രിസ്ത്യാനികളെന്ന് അറിയപ്പെടുന്നവർ പരസ്പരം പോരടിച്ചുകൊണ്ടിരിക്കുന്നു എന്നത് ഒരു വസ്തുതയാണ്. പലരും പരസ്പരം സംസാരിക്കാൻപോലും പറ്റാത്ത ഒരവസ്ഥയിലാണ്. ക്രിസ്ത്യാനികളെന്നു അറിയപ്പെടുന്ന മറ്റു ചിലർ മുഖത്തോടു മുഖം നോക്കാൻ കഴിയാത്തവരുമാണ്. ഇത്തരത്തിലുള്ള വിശ്വാസികൾ നിമിത്തം ദൈവനാമം ദുഷിക്കപ്പെടുവാൻ ഇടയാകുന്നു. തമ്മിൽ തമ്മിൽ ആഴത്തിലുള്ള സ്നേഹം വഴിയായിരിക്കണം ലോകം തന്റെ ശിഷ്യരെ തിരിച്ചറിയേണ്ടത് എന്നാണ് യേശു പറഞ്ഞത്. ക്രിസ്ത്യാനിത്വത്തിന്റെ ആദ്യ രണ്ടു നൂറ്റാണ്ടുകളിൽ ഇത് അക്ഷരാർത്ഥത്തിൽ നിവൃത്തിയായി. ലോകം അന്നത്തെ ക്രിസ്ത്യാനികളെ നോക്കി ആശ്ചര്യത്തോടെ പറഞ്ഞു 'നോക്കൂ, ഈ ക്രിസ്ത്യാനികൾ എത്രമാത്രം പരസ്പരം സ്നേഹിക്കുന്നു.' ഇന്നു കഥ മാറിയിരിക്കുന്നു. ഇന്നു ലോകം പറയുന്നത് 'നോക്കൂ, ഈ ക്രിസ്ത്യാനികൾ എത്രമാത്രം പരസ്പരം വെറുക്കുന്നു' എന്നാണ്.

ബന്ധങ്ങളാണ് ഏറ്റവും പ്രധാനപ്പെട്ടത്. വരങ്ങൾ, കഴിവുകൾ, രീതികൾ, തന്ത്രങ്ങൾ, പരിപാടികൾ, സാമ്പത്തികം അങ്ങനെയുള്ളതെല്ലാം മനുഷ്യർ തമ്മിലുള്ള ബന്ധങ്ങൾക്കു ശേഷമേ വരൂ. സഭയ്ക്കു ദൈവം ഏല്പിച്ചിരിക്കുന്ന 'ലോകത്തിനു വെളിച്ചമായിരിക്കുക' എന്ന പ്രവൃത്തി പൂർത്തിയാകണമെങ്കിൽ സഭയിലെ അംഗങ്ങൾക്കിടയിൽ ക്രിസ്തീയകൂട്ടായ്മ ഉണ്ടായിരിക്കണം. അതുപോലെ ഒരു വിശ്വാസി ജീവന്റെ ശുശ്രൂഷകനാകണമെങ്കിൽ അവൻ സ്വയം സ്നേഹത്തിന്റെ പ്രമാണം അനുസരിച്ച് സഹവിശ്വാസികളോടൊത്തു കഴിയുന്നവനായിരിക്കണം.

സഹവിശ്വാസികളുമായി നല്ല കൂട്ടായ്മയിൽ കഴിയാത്ത ഒരു ക്രിസ്ത്യാനിക്കും ദൈവവുമായി കൂട്ടായ്മയുണ്ടാകുവാൻ സാധിക്കുകയില്ലെന്നു വേദപുസ്തകം ആവർത്തിച്ചു പഠിപ്പിക്കുന്നുണ്ട്. സഹവിശ്വാസികളോടൊത്ത് സ്നേഹത്തിൽ നടക്കാതെ നിങ്ങൾക്കു ദൈവത്തോടു കൂടെ നടക്കുവാൻ കഴിയുകയില്ല. യേശു മരിച്ച ക്രൂശിനു രണ്ടു പലകകൾ ഉണ്ട്. ഒന്നു സമാന്തരമായും ഒന്നു കുത്തനെയും. യേശു വന്നത് ദൈവവും മനുഷ്യനുമായി സമാധാനമുണ്ടാക്കുവാൻ( കുത്തനെയുള്ളത്) മാത്രമല്ല, മനുഷ്യനും മനുഷ്യനും തമ്മിൽ(സമാന്തരമായത്) സമാധാനം ഉണ്ടാക്കുവാൻ കൂടിയാണ്. ഈ രണ്ടു ബന്ധങ്ങളും ഒരുമിച്ചു പോകേണ്ടതാണ്. ഒന്നിനെ സ്വീകരിച്ച് മറ്റതിനെ അവഗണിക്കുവാൻ നിങ്ങൾക്കു കഴിയുകയില്ല.

സ്നേഹത്തിന്റെ അപ്പൊസ്തലനായ യോഹന്നാന് ഇതു സംബന്ധിച്ച് ശക്തമായ ചില വാക്കുകൾ പറയാനുണ്ട്. ഒരുവൻ തന്റെ സഹവിശ്വാസിയെ സ്നേഹിച്ചുതുടങ്ങുന്നതാണ് യഥാർത്ഥമാനസാന്തരത്തിന്റെ തെളിവെന്ന് അദ്ദേഹം പറയുന്നു. ഒരു മനുഷ്യന് ഈ സ്നേഹമില്ലെങ്കിൽ അവന്റെ മാനസാന്തരം വ്യാജമാണെന്നും അവൻ നിത്യനാശത്തിലേക്കു പോകയാണെന്നും ഉറപ്പിക്കാം.(1യോഹ.3:14). ഒരു മനുഷ്യൻ ദൈവവുമായുള്ള ബന്ധത്തിൽ എവിടെ നിൽക്കുന്നു എന്നു പരിശോധിക്കുവാൻ വേദശാസ്ത്രത്തിന്റെ ശരി മാത്രമല്ല അപ്പൊസ്തലന്മാർ നോക്കിയത്. ഈ ലേഖനത്തിൽത്തന്നെ യോഹന്നാൻ പിന്നീടു പറയുന്നു "ഒരുവൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും സഹോദരനെ വെറുക്കുകയും ചെയ്യുന്നുവെങ്കിൽ അവൻ കള്ളനാണ്."ഇതു

പ്രത്യേകം ശ്രദ്ധിക്കുക അങ്ങനെയുള്ള ഒരുവനെ വിളിക്കുന്നത് വിശ്വാസി എന്നല്ല, കള്ളനെന്നാണ്. യോഹന്നാന്റെ യുക്തി എതിർക്കാനാകാത്തതാണ്. അദ്ദേഹം പറയുന്നത് സഹോദരനെ നമുക്കു കാണാം എന്നാൽ ദൈവം അദൃശ്യനാണ്. കാണുന്നതിനെ സ്നേഹിക്കാൻ കഴിയാത്ത ഒരുവൻ കാണാത്തതിനെ ഒരിക്കലും സ്നേഹിക്കുകയില്ല(1യോഹ.4:20).

വിശ്വാസികൾ എന്നറിയപ്പെടുന്ന മിക്കവരുടെയും അനുഭവവുമായി ഇതിനെ താരതമ്യം ചെയ്യുക. ദൈവത്തോടുള്ള സ്നേഹത്തെ സാധാരണ വിലയുരുത്തുന്നത് തിരക്കു പിടിച്ച ക്രിസ്തീയപ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലോ അല്ലെങ്കിൽ ഏതെങ്കിലും യോഗത്തിൽവച്ചുണ്ടായ വൈകാരികഅനുഭൂതി ലഭിച്ച അനുഭവങ്ങളിലൂടെയോ ആണ്. ഇതു വലിയ ചതി ആകാം. മറ്റു ക്രിസ്ത്യാനികളോട് ഒരു കൂട്ടായ്മയും ഇല്ലാതെ "പ്രാർത്ഥനയിൽ ചെലവഴിച്ച മഹത്തായ സമയം", "ആശ്ചര്യകരമായ ഫലമുളവാക്കിയ പ്രവൃത്തി" എന്നൊക്കെ സാക്ഷ്യം പറയുന്ന വിശ്വാസികളെ ഞാൻ കണ്ടിട്ടുണ്ട്. ദൈവഭവനത്തിലെ മറ്റംഗങ്ങളോട് കാര്യങ്ങൾ പറഞ്ഞു തീർക്കാൻ ഒരു ശ്രമവും നടത്താതെ ഉള്ളിൽ വിദ്വേഷം വെച്ചുകൊണ്ടിരിക്കുന്നവർക്ക് എങ്ങനെയാണ് ദൈവത്തോടുകൂടെ നടക്കാൻ കഴിയുന്നത്? തീർച്ചയായും ദൈവവചനസത്യം കാണാൻ കഴിയാതവണ്ണം സാത്താൻ അവരുടെ മനസ്സു കുരുടാക്കിയിരിക്കുകയാണ്.

മറ്റു വിശ്വാസികളുമായുള്ള കൂട്ടായ്മ തകരുമ്പോൾ നമുക്കുണ്ടാകുന്ന നഷ്ടത്തെക്കുറിച്ചു നാം അറിയുന്നില്ല. വേദപുസ്തകം പറയുന്നത് നാം ക്രിസ്തുവിൻ സ്നേഹത്തിന്റെ വീതിയും നീളവും ഉയരവും ആഴവും സകല വിശുദ്ധന്മാരോടൊപ്പം അറിഞ്ഞ് ദൈവത്തിന്റെ എല്ലാ നിറവോളം നിറഞ്ഞുവരണം എന്നാണ്. (എഫേ.3: 17-19). നമ്മെ ദൈവം ആക്കിയിരിക്കുന്നിടത്തുള്ള വിശ്വാസികളുമായിട്ടുള്ള കൂട്ടായ്മ വാസ്തവത്തിൽ അറിയുന്നവർക്കു മാത്രമേ ക്രിസ്തവിന്റെ സ്നേഹത്തെ അനുഭവിച്ചറിഞ്ഞ് ദൈവത്തിന്റെ നിറവിലേക്കു പ്രവേശിക്കുവാൻ കഴിയൂ.

തന്റെ കൂടെയുള്ളവരിൽനിന്ന് ഒഴിഞ്ഞുമാറി നിൽക്കുന്നവർ ക്രിസ്തുസ്നേഹത്തിന്റെ അനുഭവവും കൃപയും നഷ്ടപ്പെടുത്തുകയാണ്. സ്നേഹത്തിന്റെ പ്രമാണങ്ങൾക്കനുസരിച്ച് ജീവിക്കാൻ നാം പരാജയപ്പെടുമ്പോൾ ക്രിസ്തുവിന്റെ സമ്പത്തും ദൈവത്തിന്റെ നിറവും നമ്മിൽനിന്നു തന്നെ അല്പാല്പമായി കവർന്നെടുക്കുവാൻ നാം അനുവദിക്കുകയാണ്.

മൊഴിമാറ്റം: സാജു ജോസഫ്